LIBRARY ARCHIVES Kerala Legislative Assembly

പോലീസ് കോൺസ്റ്റബിൾ (എം.എസ്.പി.) ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി

18 [18] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ (എം.എസ്.പി.) നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ഈ ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ എണ്ണമെത്ര;

(ബി) ഇതുവരെയായി ഈ ലിസ്റ്റിൽനിന്നും എത്രപേരെ പരിശീലനം കഴിഞ്ഞു നിയമിച്ചിട്ടുണ്ട്;

(സി) എം.എസ്.പി. ബറ്റാലിയനിൽ ഇപ്പോൾ ഒഴിവുകൾ ഉണ്ടോ; എങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ ലിസ്റ്റിൽനിന്നും ഇപ്പോൾ പരിശീലനം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് 15-7-2002-ൽ നിലവിൽ വന്നു. ഉദ്യോഗാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 223 പേരെ പരിശീലനം കഴിഞ്ഞു നിയമിച്ചിട്ടുണ്ട്. 153 പേരുടെ പരിശീലനം നടന്നുവരുന്നു.

(സി) ഒഴിവുകൾ ഉണ്ട്. നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ 153 പേർ പരിശീലനം നടത്തിവരുന്നു. 337 ഉദ്യോഗാർത്ഥികളുടെ പരിശീലനം 29-6-2004 മുതൽ ആരംഭിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ

19 [19] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2002 മേയ് മുതൽ 2004 ജനുവരി 15 വരെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.